**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ നഗരസഭ — ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.6/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 03 /01 /2017

പരാമർശം : 1) 27/10/2016 ലെ സ.ഉ.(സാധാ) നം.2957/2016/തസ്വഭവ.

2) ചെങ്ങന്നൂർ നഗരസഭാ ചെയർമാന്റെ 27/10/2016 തീയതിയിലെ കത്ത്

3) ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 08/11/2016 ലെ 2-ാം നമ്പർ തീരുമാനം.

4) ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയുടെ 17/11/2016 തീയതിയിലെ കത്ത്.

## ഉത്തരവ്

2016-17 ലെ ശബരിമല തീർത്ഥാടനകാലത്ത് ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് ഭക്തജന തിരക്ക് വളരെയേറെയാണെന്നും ആയതിനാൽ മണ്ഡലകാല പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പരാമർശം (3) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25 (ഇരുപത്തിയഞ്ച്) ശുചീകരണ തൊഴിലാളികളെയും, തിരക്ക് നിയന്ത്രിക്കുന്നതിന് 6 (ആറ്) സെക്യൂരിറ്റി ജീവനക്കാരെയും ശുചീകരണ വാഹനം ഓടിക്കുന്നതിന് 1 (ഒന്ന്) ഡ്രൈവറെയും നവംബർ ആദ്യവാരം മുതൽ മണ്ഡലകാലാവസാനം വരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ പത്രപരസ്യം മുഖേന നിയമിക്കുന്നതിനും (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം കാലതാമസം വരുമെന്നതിനാൽ) ടി ജീവനക്കാരുടെ വേതനം പരാമർശം (1) പ്രകാരം ശബരിമല ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (2) പ്രകാരം ചെങ്ങന്നൂർ നഗരസഭാ ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരസഭാ ചെയർമാന്റെ കത്തും, മേൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യവും കണക്കിലെടുത്ത് ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് ശുചീകരണ പ്രവർത്തനങ്ങൾക്കായി 25 (ഇരുപത്തിയഞ്ച്)

ശുചീകരണ തൊഴിലാളികളെയും. തിരക്ക് നിയന്ത്രിക്കുന്നതിന് 6 (ആറ്) സെക്യൂരിറ്റി ജീവനക്കാരെയും ശുചീകരണ വാഹനം ഓടിക്കുന്നതിന് 1 (ഒന്ന്) ഡ്രൈവറെയും, 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം, 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ടി ജീവനക്കാരുടെ വേതനം ശബരിമല ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമേശൻ എം.കെ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ
ചെയർമാൻ, ചെങ്ങന്നൂർ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ